15 -ാം കേരള നിയമസഭ

13 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2301 — 03-03-2025 - ൽ മറുപടിയ്ക്ക്

## ജില്ലാ അദാലത്തിൽ നഷ്ടപ്പെട്ട ഫയലുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ബഹുമാനപ്പെട്ട മന്ത്രി നടത്തിയ ജില്ലാ അദാലത്തിൽ ഏതെങ്കിലും നഗരസഭയിലെയോ പഞ്ചായത്തിലെയോ ഫയലുകളോ ബന്ധപ്പെട്ട പ്രമാണങ്ങളോ നഷ്ടപ്പെട്ടതായോ കാണാതായതായോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തദ്ദേശ അദാലത്തുമായി ബന്ധപ്പെട്ട് കാസർഗോഡ്, ഇടുക്കി ജില്ലാ അദാലത്തുകളിൽ പരിഗണിച്ച അപേക്ഷകളിൽ ഓരോ ഫയലകൾ വീതം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ഫയലുകൾ ഏത് ജില്ലയിലെ ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയാണെന്നും ഏത് വിഷയവുമായി ബന്ധപ്പെട്ടതാണെന്നും വ്യക്തമാക്കാമോ; | (ബി) | 1. കാസർഗോഡ് ജില്ലയിലെ കാസർഗോഡ് നഗരസഭയിൽ നിന്നും ഫ്ലാറ്റ് നിർമ്മാണത്തിന് ശ്രീ ബി.കെ സമീർ, ശ്രീമതി.ഹസീന എന്നിവർക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച ഫയൽ നഷ്ടപ്പെട്ടതിനെ തുടർന്ന് ഡോക്കറ്റ് നമ്പർ BPKSGD30224000024 പ്രകാരം തദ്ദേശ അദാലത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു.<br><br>2. ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിലെ 2013 ലെ സ്ഥലം വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട ശ്രീമതി രജനിമോൾ പി എസ് എന്ന വ്യക്തി വാങ്ങിയ ഭൂമി 10 വർഷത്തേക്ക് കൈമാറാൻ പാടില്ല എന്ന വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ടിയാന്റെ വസ്തുവിന്റെ ആധാരം നിർവ്വഹണ ഉദ്യോഗസ്ഥനായ കരിങ്കുന്നം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വാങ്ങി സൂക്ഷിച്ചുവെന്നും 10 വർഷങ്ങൾക്ക് ശേഷം വസ്തുവിന്റെ ആധാരം തിരികെ ലഭിക്കുന്നതിനായി ആവശ്യപ്പെട്ടപ്പോൾ ആധാരം ലഭിച്ചില്ല എന്നും ചൂണ്ടിക്കാട്ടി തദ്ദേശ അദാലത്തിൽ ഡോക്കറ്റ് നമ്പർ PLIDK10615000004 പ്രകാരം പരാതി സമർപ്പിച്ചിരുന്നു |
| (സി) | ഫയലുകൾ നഷ്ടപ്പെടുകയോ കാണാതാവുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിനിടയാക്കിയ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | 1. കാസർഗോഡ് ജില്ലയിൽ ബി കെ സമീർ സമർപ്പിച്ച അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിനായി പ്രസ്തുത അപേക്ഷ ജില്ലാതല അദാലത്ത് സമിതി സംസ്ഥാനതല അദാലത്ത് സമിതിയിലേക്ക് എസ്കലേറ്റ് ചെയ്തിരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനതല അദാലത്ത് സമിതിയുടെ നിർദ്ദേശപ്രകാരം ഫയൽ അടിയന്തരമായി കണ്ടെത്തുന്നതിനും ഫയൽ നഷ്ടപ്പെട്ടതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേര് വിവരം റിപ്പോർട്ട് ചെയ്യുന്നതിനും, ശ്രീ. ബി. കെ സമീറിന്റെ അപേക്ഷ തീർപ്പാക്കുന്നതിനായി നഗരസഭാ സെക്രട്ടറി ജില്ലാ ജോയിൻറ് ഡയറക്ടർ ജില്ലാ ടൗൺ പ്ലാനർ അപേക്ഷകൻ എന്നിവരെ ഉൾപ്പെടുത്തി ഹിയറിങ്, സംയുക്ത പരിശോധന എന്നിവ നടത്തി പ്രസ്തുത വിഷയത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനും കാസർഗോഡ് നഗരസഭാ സെക്രട്ടറിക്ക് നിർദേശം നൽകി സംസ്ഥാനതല അദാലത്ത് സമിതി ഇടക്കാല തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.<br><br>2. ഇടുക്കി ജില്ലയിൽ ആധാരം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട വിഷയത്തിൽ അന്വേഷണം നടത്തുന്നതിന് ഇന്റേണൽ വിജിലൻസ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഇത്തരം ഫയലുകൾ കണ്ടെത്താൻ കഴിയാത്ത വിധത്തിൽ നഷ്ടപ്പെടുകയോ കാണാതാവുകയോ ചെയ്തിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട കക്ഷികൾക്ക് ഉണ്ടാകാവുന്ന കഷ്ടനഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന പരിഹാരമാർഗങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് നഗരസഭയിൽ നിന്നും നഷ്ടപ്പെട്ട ഫയൽ അടിയന്തരമായി കണ്ടെത്തുന്നതിനും ഫയൽ നഷ്ടപ്പെട്ട ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരുവിവരം റിപ്പോർട്ട് ചെയ്യുന്നതിനും സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>2. ഇടുക്കി ജില്ലയിൽ ആധാരം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇന്റേണൽ വിജിലൻസ് ഓഫീസർ അന്വേഷണം നടത്തിവരുന്നു |

സെക്ഷൻ ഓഫീസർ